**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പ്രൊജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പ്രോജക്ടായിരുന്ന നാടുകാണി-പരപ്പനങ്ങാടി റോഡിന്റെ നവീകരണ പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ടോ; എത്ര തുകയായിരുന്നു പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ DFIP പ്രോജക്ട് ആയിരുന്ന നാടുകാണി പരപ്പനങ്ങാടി റോഡിന്റെ നവീകരണ പ്രവൃത്തി 15.01.2022-ന് പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 450 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. CTE-യുടെ നിർദ്ദേശാനുസരണം 287.19 കോടി രൂപയിൽ നിർത്തി പ്രവൃത്തി പൂർത്തിയാക്കി. |
| (ബി) | ജില്ലയിലെ ഏഴ് മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന റോഡിന്റെ വിവിധ മണ്ഡലങ്ങളിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും, എത്ര കിലോമീറ്റർ വീതം റോഡ് നവീകരണം നടത്തിക്കഴിഞ്ഞുവെന്നും മണ്ഡലങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ആകെ എത്ര കിലോമീറ്റർ ദൂരമാണ് ഈ പദ്ധതിയ്ക്കുണ്ടായിരുന്നതെന്നും അതിൽ നിലമ്പൂർ മാത്രം എത്ര കിലോമീറ്റർ ദൂരമുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ജില്ലയിലെ 7 മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രസ്തുത റോഡിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ 11.125 കി.മീ. (നാടുകാണി ചുരത്തിന്റെ തകരപ്പടി, ജാറം, തേൻപാറ, കല്ലളം എന്നീ ഭാഗങ്ങൾ ഒഴികെ), മഞ്ചേരി നിയോജകമണ്ഡലത്തിൽ 6.27 കി.മീ. മലപ്പുറം നിയോജക മണ്ഡലത്തിൽ 8.43 കി.മീ. വേങ്ങര നിയോജക മണ്ഡലത്തിൽ 5.51 കി.മീ. (ഡ്രൈനേജ് നവീകരണം മാത്രം), തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് നവീകരണം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് 110 കി.മീ. ദൂരമാണ് നവീകരണത്തിനായി വിഭാവനം ചെയ്തിരുന്നത്. അതിൽ CTE നിർദ്ദേശിച്ച പ്രകാരം 40.145 കി.മീ ദൂരം മാത്രമാണ് റോഡ് ഉപരിതല നവീകരണം പൂർത്തിയാക്കിയിട്ടുള്ളത്. ആകെ 40.145 ദൂരം ബി.എം. ബി.സി. ചെയ്ത് നവീകരിച്ചതിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ 11.125 കി.മീ., മഞ്ചേരി നിയോജക മണ്ഡലത്തിൽ 6.27 കി.മീ., മലപ്പുറം നിയോജക മണ്ഡലത്തിൽ 8.43 കി.മീ. തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് ഉൾപ്പെടുന്നുണ്ട്. |
| (സി) | നാടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് റോഡിന്റെ ഉപരിതലം ബി.എം. ആന്റ് ബി.സി. ചെയ്തിട്ടുള്ളത് ആകെ എത്ര കിലോമീറ്ററാണെന്നും ആയത് ഏതെല്ലാം | (സി) | ജില്ലയിലെ 7 മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രസ്തുത റോഡിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ 11.125 കി.മീ. (നാടുകാണി ചുരത്തിന്റെ തകരപ്പടി, ജാറം, തേൻപാറ, കല്ലളം |

| | | | |
|---|---|---|---|
| | മണ്ഡലങ്ങളിലാണെന്നും പൂർത്തീകരിച്ച കിലോമീറ്റർ സഹിതം അറിയിക്കാമോ; | | എന്നീ ഭാഗങ്ങൾ ഒഴികെ), മഞ്ചേരി നിയോജകമണ്ഡലത്തിൽ 6.27 കി.മീ. മലപ്പുറം നിയോജക മണ്ഡലത്തിൽ 8.43 കി.മീ. വേങ്ങര നിയോജക മണ്ഡലത്തിൽ 5.51 കി.മീ. (ഡ്രൈനേജ് നവീകരണം മാത്രം), തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് നവീകരണം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് 110 കി.മീ. ദൂരമാണ് നവീകരണത്തിനായി വിഭാവനം ചെയ്തിരുന്നത്. അതിൽ CTE നിർദ്ദേശിച്ച പ്രകാരം 40.145 കി.മീ ദൂരം മാത്രമാണ് റോഡ് ഉപരിതല നവീകരണം പൂർത്തിയാക്കിയിട്ടുള്ളത്. ആകെ 40.145 ദൂരം ബി.എം. ബി.സി. ചെയ്ത് നവീകരിച്ചതിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ 11.125 കി.മീ., മഞ്ചേരി നിയോജക മണ്ഡലത്തിൽ 6.27 കി.മീ., മലപ്പുറം നിയോജക മണ്ഡലത്തിൽ 8.43 കി.മീ. തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് ഉൾപ്പെടുന്നുണ്ട്. |
| (ഡി) | നിലമ്പൂർ ഉൾപ്പെടുന്നതും മേൽ പദ്ധതിയുടെ ഭാഗവും എന്നാൽ അന്തർ സംസ്ഥാന പാതയായ കെ.എൻ.ജി. റോഡിന്റെ കൂടി ഭാഗവുമായ വഴിക്കടവ് ചുരം മുതൽ വടപുറം പാലം വരെയുള്ള 30 കി.മി. ദൂരത്തെ റോഡ് നവീകരണത്തിന് പ്രത്യേകമായി ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ വരുന്ന KNG റോഡിന്റെ വഴിക്കടവ് ചുരം മുതൽ വടപുറം പാലംവരെ 22.8 കി.മീ. ദൂരമുണ്ട് (69/200 മുതൽ 92/000). ഇതിൽ 71/900 മുതൽ 73/200-ന് 5 കോടി രൂപ ഭരണാനുമതി നൽകി കഴിഞ്ഞു. ബാക്കി വരുന്ന 21.5 കി.മീ. ദൂരത്തിന് പുതിയ പ്രവൃത്തി ആവശ്യമാണ്. കൂടാതെ നാടുകാണി ചുരത്തിൽ 2019 ലെ പ്രളയത്തിൽ തകർന്ന തകരപ്പടി, ജാറം ഭാഗങ്ങളിൽ പുതിയ പ്രവൃത്തി ആവശ്യമാണ്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ